ഖുത്വ്ബ നമ്പർ
**05**
**03-02-2012**

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവർ

اِنَّ اللّٰهَ مَعَ الَّذِيۡنَ اتَّقَوۡا وَّ الَّذِيۡنَ هُمۡ مُّحۡسِنُوۡنَ

ഈ ആയത്തിന്റെ അർത്ഥം ഇപ്രകാരമാണ്. തഖ്‌വ സ്വീകരിക്കുന്നവരുടെയും ഇഹ്സാൻ ചെയ്യുന്നവരുടെയും കൂടെയാണ് അല്ലാഹു. ഹ: മസീഹ് മൗഊദ് (അ) പറയുന്നു: "വിശുദ്ധ ഖുർആനിൽ മറ്റെല്ലാ കൽപനകളെക്കാളും കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത് തഖ്‌വ സ്വായത്തമാക്കാനാണ്. തഖ്‌വയാണ് അടിസ്ഥാനപരമായ കാര്യം. അത് അല്ലാഹുവിന്റെ സാമീപ്യം നൽകുന്നു. ഞാൻ ഓതിയ ആയത്തിൽ അതാണ് അല്ലാഹു പറയുന്നത്. പറയുന്നു: اِنَّ اللّٰهَ مَعَ الَّذِيۡنَ اتَّقَوۡا തഖ്‌വ സ്വായത്തമാക്കിയവരുടെ കൂടെയാണ് അല്ലാഹു ഉണ്ടാകുക. തഖ്‌വയിലേക്ക് കൊണ്ടുപോകുന്ന മാർഗം സ്വീകരിച്ചവരോടൊപ്പമാണ് അല്ലാഹു ഉള്ളത്."

ലോകത്ത് രണ്ട് തരത്തിലുള്ള ആളുകളുണ്ട് എന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നു. ഒന്ന്, തഖ്‌വയിൽ ചലിക്കുന്നവർ. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി സൽപ്രവർത്തികൾ ചെയ്യുന്നു. എല്ലാ നന്മകളും സത്പ്രവർത്തികളും ചെയ്യാൻ അവർ പരിശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്തമാക്കാനാണ് അവർ ഇത് ചെയ്യുന്നത്. ഇതുമുഖേന അല്ലാഹുവിന്റെ സാമീപ്യം അവർ നേടിയെടുക്കും. മറ്റൊരു വിഭാഗം ആളുകൾ ഉണ്ട്. അവർ നല്ല കാര്യങ്ങൾ ചിലതെല്ലാം ചെയ്യും. എന്നാൽ അത് ചെയ്യുമ്പോൾ ദൈവത്തെ മുന്നിൽ കണ്ട് കൊണ്ടായിരിക്കില്ല ചെയ്യുന്നത്. അതല്ലെങ്കിൽ അവർ ഓരോ പ്രവർത്തിചെയ്യുമ്പോഴും അല്ലാഹു എന്നെ വഴി കാട്ടുന്നുണ്ടെന്ന് ചിന്തിക്കുന്നുണ്ടാവില്ല. അല്ലാഹു കാണുന്നുണ്ടെന്ന ചിന്ത അവർക്കുണ്ടാവില്ല. രണ്ടാം വിഭാഗം ആളുകളിൽ അല്ലാഹുവിൽ വിശ്വസിക്കുന്നവരും ഉൾപ്പെടുന്നു. അവർ ചുരുങ്ങിയപക്ഷം ആകാശഭൂമികളെ സൃഷ്ടിച്ച ഏകനായ ഒരു ദൈവമുണ്ടെന്ന് അംഗീകരിക്കുന്നവരാണ്. എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ അല്ലാഹുവിന്റെ പ്രീതി ലഭിക്കണം എന്ന ഉദ്ദേശ്യമൊന്നും അവർക്കുണ്ടാവില്ല. ഏതെങ്കിലും സൽപ്രവർത്തി ചെയ്യുമ്പോൾ ദൈവത്തെ പ്രീതിപ്പെടുത്തണം എന്ന ചിന്തയും അവർക്കുണ്ടാകില്ല. എന്നാൽ രണ്ടാം വിഭാഗത്തിലെ മറ്റൊരു കൂട്ടർ ദൈവത്തെ തീരെ അംഗീകരിക്കാത്തവരാണ്. അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ അവർക്ക് വിശ്വാസമില്ല. അല്ലാഹുവിന്റെ അസ്ഥിത്വത്തെ നിഷേധിക്കുന്നവരാണവർ. ഈ രണ്ട് തരം ആളുകളെക്കുറിച്ചും അല്ലാഹു പറയുന്നത് ഞാൻ അവരുടെ കൂടെ ഉണ്ടാവില്ല എന്നാണ്. ആദ്യ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ കൂടെയാണ് ഞാൻ ഉണ്ടാകുക. അവർ തഖ്‌വയിൽ ചരിക്കുന്നവരായിരിക്കും.

എന്നാൽ അല്ലാഹുവിന്റെ റുബൂബിയ്യത്ത് (പരിപാലനം) എന്ന ഗുണം തഖ്‌വയിൽ ചരിക്കാത്തവർക്കും ചില അനുഗ്രഹങ്ങൾ, തഖ്‌വയിൽ ചലിക്കുന്നവർക്ക് നൽകുന്നതുപോലെ നൽകുന്നു. എന്നാൽ ഇവ ഭൗതികമായ അനുഗ്രഹങ്ങളായിരിക്കും. ഉദാഹരണമായി സൂര്യ പ്രകാശം, വായു. ഇവയിൽ നിന്നെല്ലാം ഒരു നിരീശ്വകവാദി പ്രയോചനമടയുന്നതുപോലെ ഒരു സത്യ വിശ്വാസിയും പ്രയോചനമടയുന്നു. ഇതേപോലെ സയൻസിലുള്ള പുരോഗതിയിൽ നിന്നും ഭൗതിക വിജ്ഞാനത്തിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും പുതിയ കണ്ടുപിടിത്തങ്ങളിൽ നിന്നും ഒരു നിരീശ്വര വിശ്വാസിയും ഒരു ഈശ്വര വിശ്വാസിയും തുല്ല്യമായി പ്രയോചനം എടുക്കുന്നു. കൃഷി ചെയ്യാൻ കഠിനമായി അധ്വാനിക്കേണ്ടിവരുന്നു. കർഷകന്റെ ആ കഠിനാധ്വാനത്തിൽ നിന്ന് ഒരു നിരീശ്വര വിശ്വാസിയും മുത്തഖിയും തുല്ല്യമായി ഫലമെടുക്കുന്നു. തഖ്‌വയിൽ ചരിക്കാത്തവരിലും, ദൈവത്തെ അംഗീകരിക്കാത്തവരിലും, നിഷേധികളിലും അല്ലാഹു തന്റെ റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത് എന്നീ ഗുണങ്ങൾ പ്രകടമാക്കിക്കൊണ്ട് അനുഗ്രഹങ്ങൾ ചൊരിയുന്നില്ലെങ്കിൽ അവർക്ക് ഒരു നിമിഷം നിലനിൽക്കാൻ കഴിയുമായിരുന്നില്ല.

ചുരുക്കത്തിൽ, അല്ലാഹു മനുഷ്യനെ ഈ ലോകത്ത് സൃഷ്ടിക്കുകയും അവർക്കായി നന്മയുടെയും തിന്മയുടെയും രണ്ട് മാർഗങ്ങൾ നിശ്ചയിക്കുകയും ചെയ്തു. ചില സന്ദർഭങ്ങളിൽ ചില അനുഗ്രഹങ്ങൾ ഈ രണ്ട് മാർഗ്ഗം സ്വീകരിക്കുന്നവർക്കും തുല്ല്യമായി അവൻ നൽകുന്നു. ചുരുക്കത്തിൽ അല്ലാഹു തആല തന്റെ പ്രകൃതി നിയമം എല്ലാവർക്കും തുല്ല്യമായിട്ടാണ് നിർണ്ണയിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. എന്നാൽ ഇവിടെ ഒരു കാര്യം അനുബന്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു തആല തന്റെ ശക്തിപ്രഭാവം പ്രകടമാക്കുന്നതിന്നായി ഒരേ അവസ്ഥയിൽതന്നെ ചില സന്ദർഭങ്ങളിൽ തന്റെ മുത്തഖിയായ ദാസന്റെ പരിശ്രമത്തിന് കൂടുതലായ അനുഗ്രഹങ്ങൾ നൽകുന്നു.

ഉദാഹരണമായി കൃഷിയെ എടുക്കാം. ഒരേ രീതിയിൽ കൃഷി നടത്തുന്നു. ദുആ മുഖേന അതിന്റെ വിളവ് വർദ്ധിക്കുന്നു. ഹ: മുസ്‌ലിഹ് മൗഊദ്(റ) സിന്ദിൽ കൃഷിസ്ഥലം സ്വന്തമാക്കിയതിനുശേഷം തുടക്കത്തിൽ അതിന്റെ മേൽനോട്ടത്തിനായി ചിലരെ അയച്ചിരുന്നു. അതിൽ ഒരാൾ ഖുദ്റത്തുല്ലാഹ് സൻവരി (റ) സാഹിബായിരുന്നു. ഒരിക്കൽ ഹ: മുസ്‌ലിഹ് മൗഊദ് (റ) അവിടെ സന്ദർശനത്തിനായി എത്തി. പരുത്തി കൃഷി വീക്ഷിക്കുകയായിരുന്നു. മൗലവി സാഹിബ് സഹാബിയും കൂടി ആയിരുന്നു. മൗലവി സാഹിബിനോട് ചോദിച്ചു. ഈ വർഷം എത്രകണ്ട് വിളവ് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം ഏകദേശം കണക്ക്കൂട്ടി പറഞ്ഞു: ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ കൂടെ ഹ. മിർസാ ബശീർ അഹ്മദ് സാഹിബും മറ്റും ഉണ്ടായിരുന്നു. മൗലവി സാഹിബിന്റെ കണക്കുകൂട്ടൽ തെറ്റാണെന്നാണ് അവർക്ക് മനസ്സിലായത്. ഇതുസംബന്ധമായി അവർ പരസ്പരം

സംസാരിച്ചുകൊണ്ട് പറഞ്ഞു: "മൗലവി സാഹിബിന്റെ കണക്ക് കുറെ കൂടുതലാണ്." ഇതുകേട്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു: "മിയാം സാഹിബ് ഏകദേശം ഞാൻ പറഞ്ഞ അത്ര തന്നെ ലഭിക്കുന്നതാണ്. കാരണം ഈ കൃഷിയിടത്തിന്റെ നാല് കോണിലും ഞാൻ നഫൽ അനുഷ്ഠിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ നഫലുകൾ ഈ വിളവിനെ വർദ്ധിപ്പിക്കും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്." പിന്നീട് വിളവെടുത്തപ്പോൾ മൗലവി സാഹിബ് പറഞ്ഞ അത്രതന്നെ വിളവ് ലഭിക്കുകയുണ്ടായി.

അല്ലാഹു തആല ഒരേ കാലാവസ്ഥയിൽ, ഒരുപോലെയുള്ള കൃഷിയിൽ, അതിന്റെ വിത്തും വളവും എല്ലാമെല്ലാം ഒന്ന് തന്നെയായിരുന്നിട്ടും ദുആ മുഖേന അല്ലാഹു തന്റെ അസ്തിത്വത്തെ തെളിയിക്കുന്നു. ആ വിളവിൽ വർധനവ് നൽകുന്നു. ഭൗതികമായ കാര്യമായാൽ പോലും ഒരു മുത്തഖിയായ വ്യക്തിക്ക് അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള തെളിവ് ലഭ്യമാകുന്നു.

അല്ലാഹുവിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്കും അതിൽ ദൃഢവിശ്വാസം കൈവരിക്കുന്നവർക്കും ഈ ഭൗതിക വസ്തുക്കളല്ലാതെ ഒരു ആത്മീയ ജീവിതം കൂടി നൽകപ്പെടുന്നു. അതിലെ ആനന്ദാനുഭൂതികൾ ഭൗതികർക്ക് കാണാൻ സാധ്യമല്ല. കാണുകയുമില്ല. തഖ്‌വയിൽ ചരിക്കുന്നവരുടെ ചിന്ത വളരെ ഉന്നതമായിരിക്കും. അവർ ഈ ലോകം വിട്ടും ചിന്തിക്കുന്നു. അവർ ഗൈബിൽ വിശ്വസിക്കുന്നു. അവർ ആഖിറത്തിൽ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ അവർക്ക് പൂർണ വിശ്വാസമുണ്ടായിരിക്കും. ദുആക്കായി കൈ ഉയർത്തുമ്പോൾ സ്വീകാര്യതയുടെ അടയാളം അവർ ദർശിക്കുന്നു.

ഇക്കാലത്ത് അല്ലാഹുവുമായി സംശുദ്ധമായ ബന്ധം സ്ഥാപിക്കുന്ന ചൊവ്വായമാർഗം ഹ: മസീഹ് മൗഊദ് (അ) ആണ് നമുക്ക് കാണിച്ചുതന്നത്. പല അഹ്മദികളും അല്ലാഹുവുമായുള്ള ബന്ധം നിലനിൽക്കുന്നു എന്നതിന് അനുഭവസ്ഥരായിട്ടുണ്ട്. അല്ലാഹുവുമായുള്ള സ്വച്ഛമായ ബന്ധം കാരണം സ്വപ്നം, കശ്ഫ് എന്നിവ മുഖേന ഈ രീതിയിൽ സംഭവിക്കും എന്ന് പറഞ്ഞുകൊടുക്കുന്നു. പിന്നീട് അങ്ങനെത്തന്നെ ആയിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സാമീപ്യത്തിന്റെ മറ്റൊരുവശം എന്നത് മരണ ശേഷം ലഭിക്കുമെന്ന് പറഞ്ഞ വാഗ്ദാനങ്ങൾ അവരിൽ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു: "തഖ്‌വയിൽ നിലനിൽക്കുകയാണെങ്കിൽ ഈ ലോകത്തെ അനുഗ്രഹങ്ങൾക്കും അവകാശികളായി അവർ മാറുന്നതാണ്. അതോടൊപ്പം പാരത്രിക ജീവിതത്തിന്റെ അനുഗ്രഹത്തിന്റെയും അവകാശികളായി മാറുന്നതാണ്." അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി വല്ലവരും പ്രവർത്തിക്കുമ്പോൾ ഇരുലോകത്തെയും ഹസനാത്തുകൾ (നന്മകൾ) അവർക്ക് ലഭിക്കുന്നു. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ അല്ലാഹുവിന്റെ പ്രീതിക്കായി സൽപ്രവർത്തിചെയ്യുന്നത് മുത്തഖീങ്ങളാണ്. സൽപ്രവർത്തികൾ ചെയ്യുന്നവർ അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്നതിന്നായി ചെയ്യുന്നു. അവരാണ് തഖ്‌വയിൽ ചരിക്കുന്നവർ. നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരായി മറ്റുള്ളവരുമുണ്ട്. എന്നാൽ അവർ ദൈവത്തിനുവേണ്ടി ചെയ്യുന്നില്ല. ദൈവപ്രീതി കരസ്ഥമാക്കാനായി ചെയ്യുന്നില്ല.

ഹ: മസീഹ് മൗഊദ് (അ) മുത്തഖിയുടെ ഗുണം വിവരിച്ചുകൊണ്ട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എല്ലാ ചെറുതും വലുതുമായ പാപങ്ങളിൽ നിന്നും രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. പാപങ്ങളിൽനിന്ന് വിട്ടുനിൽക്കുക മാത്രമല്ല നന്മയിലും ഉന്നത സ്വഭാവഗുണങ്ങളിലും മുന്നേറേണ്ടതും നിർബന്ധമാണ്. കൂടാതെ അല്ലാഹുവിനോട് ശരിയായ കൂറ് പുലർത്തേണ്ടതും അനിവാര്യമാണ്. ഇതെല്ലാമുണ്ടായാൽ മാത്രമെ ഒരാൾ യഥാർത്ഥ മുത്തഖി ആയിത്തീരുകയുള്ളൂ.

അല്ലാഹുവിനോടുള്ള സ്വച്ഛമായ കൂറ് എന്നാൽ എന്താണ്? അവനെ ആരാധിക്കേണ്ട മുറപ്രകാരം ആരാധിക്കുക. കഴിവിന്റെ പരമാവധി അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽവരുത്തുന്നതിന് തന്റെ സർവ്വശക്തിയും പ്രയോഗിക്കുകയും ചെയ്യുക എന്നതാണ്. ഈ ഒരവസ്ഥ കൈവരിക്കുകയാണെങ്കിൽ തഖ്‌വയിൽനിന്നും മുന്നേറുന്ന അവസ്ഥ കൈവരുന്നതാണ്. തുടർന്ന് ഈ ആയത്തിൽ പറയുന്നു. وَّ الَّذِيۡنَ هُمۡ مُّحۡسِنُوۡنَ മുഹ്സിൻ എന്ന് പറഞ്ഞാൽ ഒരുവിധ പ്രയത്നവും ഇല്ലാതെത്തന്നെ മറ്റുള്ളവർക്ക് അനുഗ്രഹം ചെയ്തുകൊടുക്കുക. ഇങ്ങനെ നൽകുന്നവർക്കാണ് മുഹ്സിൻ എന്ന് പറയുന്നത്. അതല്ലെങ്കിൽ സുകൃതം ചെയ്യുന്നവർ എന്നർഥവുമുണ്ട്. മറ്റൊരർഥം മനുഷ്യന്റെ സ്വന്തം പ്രവർത്തിയിൽ പൂർണ്ണത കൈവരിക്കുക. തന്റെ ജോലിയെക്കുറിച്ചുള്ള ശരിയായ അറിവ് കരസ്തമാക്കുക. അവന്റെ ഓരോ പ്രവർത്തിയും സാഹചര്യവും സന്ദർഭവും അനുസരിച്ചായിരിക്കും. ചുരുക്കത്തിൽ മുഹ്സിൻ രണ്ട് തരത്തിലുണ്ട്. മറ്റുള്ളവരോടുള്ള സഹാനുഭൂതി കാരണം അവരുടെ മതവും ജാതിയും നോക്കാതെ അവർക്ക്‌വേണ്ടി സേവനങ്ങൾ ചെയ്യുന്നു. ഏതു സമുദായത്തിൽപെട്ടവരായാലും അവർക്ക്‌വേണ്ടി സേവനം ചെയ്യാൻ പരിശ്രമിക്കുന്നു. മാനവ സമൂഹത്തിന് സേവനം ചെയ്യാൻ അവർ തയ്യാറാകുന്നു. മറ്റുള്ളവർക്ക് കഴിയുന്നത്ര സൗകര്യങ്ങൾ ഏർപ്പെടുത്താൻ അവർ ശ്രമിക്കുന്നു. അതുകൊണ്ട് ഈ വികാരത്തോടുകൂടി മാനവരാശിയെ സേവിക്കേണ്ടത് ഓരോ അഹ്മദിക്കും നിർബന്ധമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പല അഹ്മദികളും ഈ വികാരത്തോടുകൂടി സേവനം ചെയ്യുന്നവരുണ്ട്. അവർ മുഹ്സിൻ ആയിരിക്കും. എന്നാൽ തങ്ങൾ ചെയ്ത ഉപകാരം എടുത്ത് പറഞ്ഞ് മറ്റുള്ളവർക്ക് ഉപകാരം ചെയ്ത് അതിന്റെ പേരിൽ അവരെ പ്രയാസപ്പെടുത്തുന്നവരല്ല മുഹ്സിൻ. ജനങ്ങളെ ഇതിന്റെ പേരിൽ പ്രയാസപ്പെടുത്തുക എന്നത് തഖ്‌വയല്ല. ഉന്നത ധാർമ്മിക ഗുണമല്ല. മറ്റുള്ളവർക്ക് ഉപകാരം ചെയ്ത് അവരെ ഉപദ്രവിക്കാതിരിക്കുക എന്നതാണ് തഖ്‌വ.

നമ്മുടെ എഞ്ചിനീയർമാരെയും ഡോക്ടർമാരെയും മറ്റിതര മേഖലകളിൽ പ്രവർത്തിക്കുന്ന വളണ്ടിയർമാരെയും എടുക്കുക. അവർ യുവാക്കളാണ്. ആഫ്രിക്കയിൽ നമ്മുടെ പല പ്രോജക്റ്റുകളിലും പ്രവർത്തിക്കാനായി അവർ പോകുന്നു. അവിടെയുള്ള ആളുകൾക്ക് കുടിവെള്ളത്തിനുള്ള പമ്പുകൾ സ്ഥാപിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി പരിശ്രമിക്കുന്നു. അവർക്ക് പഠന സൗകര്യത്തിനായി സ്കൂളുകൾ സ്ഥാപിക്കുന്നു. ആരോഗ്യ പരിപാലനത്തിനുള്ള ഹോസ്പിറ്റലുകൾ അവിടെ സ്ഥാപിക്കുന്നു. നമ്മുടെ ഡോക്ടർമാരും ടീച്ചർമാരും വർഷങ്ങളോളം അവിടെ താമസിച്ച് സേവനം ചെയ്യുന്നു. വളരെ പ്രയാസമുള്ള ചുറ്റുപാടിലാണ് അവർ താമസിക്കുന്നത്. ചില സ്ഥലങ്ങളിൽ വെള്ളമോ വൈദ്യുതിയോ ഇല്ലാത്തതാണ്. സേവനം ചെയ്യുക എന്ന വികാരത്തോടെയാണ് അവർ അവിടെ താമസിക്കുന്നത്. മുഹ്സിനീൻ എന്ന ഗണത്തിൽ ഉൾപ്പെടാനായാണ് അവർ അവിടെ പോകുന്നത്. ഈ സേവനം ഏതെങ്കിലും ഭൗതിക അത്യാർഥിയാലല്ല ചെയ്യുന്നത്. പൂർണ്ണമായും അല്ലാഹുവിന്റെ

തഖ്‌വയുടെ അടിസ്ഥാനത്തിൽ മാനവരാശിയെ സേവിക്കാൻ വേണ്ടിമാത്രമാണ് അവർ അവിടെ പോകുന്നത്. ഇതേപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകൃതിക്ഷോപങ്ങളും വിപത്തുകളും വരുന്നു. ഭൂകമ്പവും കൊടുങ്കാറ്റും വരുമ്പോൾ നമ്മുടെ വളണ്ടിയർമാർ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ അവിടങ്ങളിലും സേവനം ചെയ്യുന്നു. ഇതൊന്നും എന്തെങ്കിലും അത്യാഗ്രഹം കൊണ്ടല്ല പോകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമെ ഇതിനു പിന്നിലുള്ളൂ. മറ്റു പലരും സേവനം ചെയ്യുന്നുണ്ടാകും. അവർ ദൈവ പ്രീതി ലക്ഷ്യം വെച്ചുകൊണ്ടായിരിക്കില്ല പ്രവർത്തിക്കുന്നത്. അതുകൊണ്ട് സേവനം ചെയ്യുന്നവരും തങ്ങളുടെ അറിവും പ്രവർത്തിയും മുഖേന മറ്റുള്ളവർക്ക് പ്രയോചനം എത്തിക്കുന്നവരുമാണ് മുത്തഖീങ്ങൾ. അവർ ദൈവപ്രീതിക്കായി മാത്രമാണ് പ്രവർത്തിക്കുന്നത്. അവരാണ് മുഹ്സിനീങ്ങൾ.

ബുർക്കീനോ ഫാസുവിൽ അഹ്മദിയ്യാ എഞ്ചിനീയർമാർ ഒരു മോഡൽ വില്ലേജ് സ്ഥാപിച്ചു. അവിടെ വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങളുണ്ട്. ഫുഡ്പാത്ത്, സ്ട്രീറ്റ്ലൈറ്റ്, അവർക്ക് യോഗങ്ങളും മറ്റും നടത്താനുള്ള കമ്യൂണിറ്റി സെന്റർ, പ്രാദേശിക ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന പച്ചക്കറികളും മറ്റും നിർമ്മിക്കുന്ന ഗ്രീൻഹൗസ്, എമിക്രേഷന്ന്വേണ്ടി വെള്ളത്തിന്റെ സൗകര്യം എന്നിവ അവിടെ ഉണ്ട്. ഇതേപോലെ വിവിധ ഗ്രാമങ്ങളിൽ ഹാന്റ് പമ്പ് സ്ഥാപിക്കുന്നു. അവർ ഈ പ്രവർത്തനം ചെയ്ത് കഴിയുമ്പോൾ അവിടത്തുകാരുടെ സന്തോഷം കാണേണ്ടതു തന്നെയാണ്. അവർ ഫോട്ടോ കൊണ്ടുവരുമ്പോൾ ഇവർ ചെയ്തത് എന്നുമാത്രം വലിയ പ്രവർത്തനമാണെന്ന് മനസ്സിലാകുന്നു. നാം കരുതിയത് ഇത് നിസ്സാരമായ പ്രവർത്തിയാണെന്നാണ്. എന്നാൽ അവർക്ക് ഇത് വലിയ കാര്യമാണ്. അവരുടെ മുഖങ്ങളിൽനിന്നും അവരുടെ സന്തോഷം പ്രകടമാണ്. എട്ടോപത്തോ വയസ്സുള്ള കുട്ടികൾ അഞ്ചും ആറും മൈൽ ദൂരംതാണ്ടി വെള്ളത്തിന്റെ പാത്രം തലയിൽ വെച്ചുകൊണ്ട് നടന്നുവരുന്ന കാഴ്ചയാണ് അവിടെ കാണാറുള്ളത്. അങ്ങനെയുള്ളവർക്ക് അടുത്ത്തന്നെ വെള്ളം ലഭിക്കുക എന്നത് ഒരു വലിയ വരദാനം തന്നെയാണ്. ഈ പ്രവർത്തനമൊന്നുംതന്നെ ഭൗതികമായ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടല്ല ചെയ്യുന്നത്. അതേപോലെ ഇതിന്റെ പേരും പറഞ്ഞ് അവരോട് പ്രത്യുപകാരം ആവശ്യപ്പെടുന്നുമില്ല.

നമ്മുടെ യുവ എഞ്ചിനീയർമാരും ഡോക്ടർമാരുമെല്ലാം ഇതെല്ലാം കഴിഞ്ഞ് തിരിച്ചുവന്ന് ഈ സേവനത്തിന് അവസരം തന്നതിന് അവർ നന്ദി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഭാവിയിലും ഇങ്ങനെയുള്ള പരിപാടികൾക്കായി പോകുമെന്ന് വാഗ്ദാനം ചെയ്യുന്നു. ഈ വർഷം അഞ്ച് മോഡൽ വില്ലേജുകൾ വിവിധ നാടുകലിൽ നിർമ്മിക്കുന്നതാണ് ഇൻശാ അല്ലാഹ്. അമേരിക്ക, യു.കെ പോലുള്ള നാട്ടിലെ കീഴ്ഘടകങ്ങൾ അതായത് അൻസാറുല്ലാഹ് ഇതിനുള്ള പൂർണ്ണചെലവ് വഹിക്കാം എന്നേറ്റിരിക്കുകയാണ്. ഹ്യുമാനിറ്റിഫസ്റ്റ് എന്ന സംഘടനയും ഇതിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ജർമനിക്കാരോടും ഞാൻ പറഞ്ഞിട്ടുണ്ട്. ഈ സേവനത്തിനുള്ള വികാരം ഇവരെ മുഹ്സിനീങ്ങളിൽ ഉൾപ്പെടുത്തുന്നു. ഈ സേവനത്തിനായി ഫണ്ട് നൽകുന്നവരും ഇതിൽ ഉൾപ്പെടുന്നു.

കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കുകയും തഖ്‌വയിൽ ചരിക്കുമെന്ന് വാഗ്ദാനം ചെയ്യുകയും കഴിവതും തഖ്‌വയുടെ മാർഗത്തിൽ ചരിക്കാൻ ശ്രമിക്കുകയും മുഹ്സിനീങ്ങളിൽ ഉൾപ്പെടാൻ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് അഹ്മദികൾ. ഇങ്ങനെയുള്ളവരെക്കുറിച്ച് അല്ലാഹു പറയുന്നത് ഞാൻ അവരുടെ കൂടെയുണ്ടാകും എന്നാണ്.

നമ്മുടെ കുട്ടികൾ ഈ സേവനങ്ങളെല്ലാം ചെയ്ത് തിരിച്ചുവന്ന് അല്ലാഹുവിന്റെ സഹായങ്ങൾ കണ്ട കാഴ്ച അവർ സ്വയം വിവരിക്കാറുണ്ട്. ചില പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായെന്നും എന്നാൽ അല്ലാഹുവിന്റെ പ്രത്യേക സഹായം കാരണം അപ്രതീക്ഷിതമായി ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയുണ്ടായെന്നും അവർ വിവരിക്കുന്നു. ഇതു കാരണം ഞങ്ങൾക്ക് അല്ലാഹുവിന്റെ അസ്ഥിത്വത്തെക്കുറിച്ച് കൂടുതൽ ദൃഢവിശ്വാസം ഉണ്ടായിത്തീരുന്നു.

മുഹ്സിനീൻ എന്നതിന്റെ മറ്റൊരർത്ഥം സ്വന്തം കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നവരും തന്റെ അറിവും വിജ്ഞാനവും അതിന്റെ പൂർണ്ണതയിൽ എത്തിക്കാൻ പരിശ്രമിക്കുന്നവരും എന്നതുമാണ്. തന്നിലും ഇഹ്സാൻ ചെയ്യേണ്ടതാണ്. സൽസ്വഭാവം തന്റെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുക. വിജ്ഞാനത്തിൽ നിന്ന് സ്വയം ഗുണമെടുക്കുകയും മറ്റുള്ളവർക്ക് അതിൽനിന്ന് ഫലമെത്തിക്കുകയും ചെയ്യുക. അറിവും വിജ്ഞാനം വർദ്ധിക്കുന്നതനുസരിച്ച് മറ്റുള്ളവർക്ക് ഇതിന്റെ ഗുണം എത്തിക്കുന്നതനുസരിച്ച് മുഹ്സിനീങ്ങളിൽ ഉൾപ്പെടുന്ന പുതിയ പടവുകൾ കയറാൻ അവർക്ക് സാധിക്കുന്നു. പുതിയ ഒരു മാർഗ്ഗം അവർക്കായി തുറക്കപ്പെടുന്നു. ഇത് ഭൗതികവും ആത്മീയവും ധാർമ്മികവുമായ ഉന്നതങ്ങളിലേക്ക് അവരെ നയിക്കുന്നു. ആത്മീയവും ധാർമ്മികവുമായ ഉന്നതി കൈവരിക്കാൻ അല്ലാഹുവിന്റെ സാമീപ്യത്തിന്റെ പുതിയ വഴികൾ അവർ കാണാൻ തുടങ്ങുന്നു. അല്ലാഹുവിന്റെ സാമിപ്യം വർദ്ധിക്കുന്നു. അവന്റെ സിഫത്തുകലെക്കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നു. ഇതുമുഖേന തഖ്‌വയിൽ അഭിവൃദ്ധിയുണ്ടാകുന്നു. ചുരുക്കത്തിൽ സൽപ്രവർത്തികളുടെ ചുറ്റും വലയം ചെയ്തുകൊണ്ട് തഖ്‌വയിൽ മുന്നേറി അല്ലാഹുവിന്റെ സമീപത്തേക്ക് നമ്മേ കൊണ്ടുപോകുന്ന ഒരു വലയമാണിത്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുമ്പോൾ കൂടുതൽ നന്മചെയ്യാൻ തൗഫീഖ് ലഭിക്കുന്നു. അതുമുഖേന നന്മയിൽ മുന്നേറുന്നു. സൃഷ്ടാവിനോടുള്ള കടമയെക്കുറിച്ചും സൃഷ്ടികളോടുള്ള കടമകളെക്കുറിച്ചും കൂടുതൽ അറിവ് കരഗതമാകുന്നു. ഇവ്വിധ പ്രവർത്തനങ്ങൾ മുഖേനയാണ് അല്ലാഹു ഒരാളെ മുഹ്സിനീങ്ങളിൽ ഉൾപ്പെടുത്തുക. ഇവർ ഉപകാരം എടുത്ത് പറഞ്ഞ് ബുദ്ധിമുട്ടിപ്പിക്കുന്നവരായിരിക്കില്ല. മറിച്ച് മറ്റുള്ളവർക്ക് ഉപകാരം ചെയ്ത് തന്നെ കഷ്ടപ്പെടുത്തുന്നവരായിരിക്കും. തന്റെ അവകാശങ്ങൾ ഉപേക്ഷിക്കുന്നവരായിരിക്കും. മറ്റുള്ളവരുടെ അവകാശം നൽകുന്നതിൽ അവർ കൂടുതൽ ഊന്നൽ നൽകുന്നു. തന്റെ അവകാശത്തെ പിൻപുറം തള്ളുന്നു.

ഇസ്‌ലാമിക അധ്യാപനങ്ങളെ എതിർക്കുന്നവരും ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് ശരിക്കും അറിവില്ലാത്തവരുമായവരുടെ മുമ്പാകെ ഞാൻ സമർപ്പിക്കാറുള്ളത് ഇതാണ്. ഇന്ന് ലോകം പറയുന്നത് ഞങ്ങൾക്ക് ഞങ്ങളുടെ അവകാശങ്ങൾ തരിക എന്നാണ്. ഒരോരുത്തരും അവകാശങ്ങൾ ഇതാണെന്ന് നിർണ്ണയിച്ച് അത് നേടിയെടുക്കാൻ എന്തുംചെയ്യുന്നു. ഇതിന്റെ ഫലമായി അവകാശങ്ങൾ നേടിയെടുക്കാൻ പോരാടുന്നവരും അവകാശം നൽകുന്നവരും നീതിയിലധിഷ്ഠിതമായി പ്രവർത്തിക്കുന്നില്ല. ഇതിൽ മുസ്‌ലിംകളും അമുസ്‌ലീംങ്ങളും എല്ലാം ഉൾപ്പെടുന്നു. ഇതിന്റെ ഫലമായി ഫസാദ് ഉണ്ടാകുന്നു. എന്നാൽ

ഇസ്‌ലാം പറയുന്നത് മറ്റുള്ളവരുടെ അവകാശം നൽകുക എന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇങ്ങനെ ചെയ്തിരുന്നെങ്കിൽ ചുരുങ്ങിയപക്ഷം മുസ്‌ലിംനാടുകളിലെങ്കിലും കുഴപ്പങ്ങൾ തലപൊക്കുമായിരുന്നില്ല. മറ്റുള്ളവർ തങ്ങളുടെ അവകാശം ചോദിക്കുന്നതിനുമുമ്പോ അവരുടെ അവകാശം നൽകുക. അവരോട് കാരുണ്യം കാണിച്ചുകൊണ്ട് മാനുഷിക മൂല്യങ്ങളെ പരിഗണിച്ചുകൊണ്ട് മുഹ്സിനീങ്ങളിൽ ഉൾപ്പെടുക എന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. അവരുടെ ആവശ്യങ്ങൾ വേണ്ടുംവിധം പരിഗണിക്കുക. ഹദീസിൽ സേവകന്മാരോടുള്ള പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞത്, നിങ്ങൾ ധരിക്കുന്നത്പോലെ അവരെ ധരിപ്പിക്കുക, നിങ്ങൾ തിന്നുന്നത്പോലെ അവരെയും തീറ്റിക്കുക എന്നതാണ്. ഈ അധ്യാപനങ്ങളെ ഭൗതികമായി നടപ്പിൽ വരുത്തുകയാണെങ്കിൽ ലോകത്തുള്ള ഒരാളും പട്ടിണി കിടക്കേണ്ടിവരില്ല. അവരുടെ അവകാശങ്ങൾ ഒരിക്കലും ധ്വംസിക്കപ്പെടില്ല. അവർ നഗ്നരായിരിക്കില്ല. വിവിധആഫ്രിക്കൻ നാടുകളിലെ ഫോട്ടോകൾ ടി.വി.യിൽ കാണിക്കാറുണ്ട്. കുട്ടികൾ പട്ടിണിയിൽ ജീവിതം കഴിച്ചുകൂട്ടുന്നു. പോഷകാഹാരകുറവ് മൂലം പലരും മരണത്തോട് മല്ലിടുന്നു. അവരുടെ ആരോഗ്യസ്ഥിതി വളരെ മോഷമായിരിക്കും. മാതാക്കൾക്ക് ഭക്ഷണം ലഭിക്കാത്തതു കാരണം പിഞ്ചുപൈതലുകൾക്ക് മുലയൂട്ടാൻ അവർക്ക് കഴിയുന്നില്ല. മറ്റുള്ളവരുടെ വിഭവങ്ങൾ പിടിച്ചെടുക്കുക എന്ന ഉദ്ദേശ്യമില്ലാതെ മറ്റുള്ളവരുടെ അവകാശങ്ങൾ നൽകുന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, മുഹ്സിനീങ്ങളിൽ ഉൾപ്പെട്ടുകൊണ്ട് മറ്റുള്ളവരുടെ കഴിവുകളെ വർദ്ധിപ്പിക്കാൻ ശ്രമിച്ച് ദരിദ്രരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയാണെങ്കിൽ ഇന്ന് ലോകത്തുള്ള ഇവ്വിധ പ്രശ്നങ്ങൾ സ്വയം ഇല്ലാതായിത്തീരുന്നതാണ്.

മുസ്‌ലിം നാടുകളിലെ ഭരണകർത്താക്കൾ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നവരായിരുന്നെങ്കിൽ, ലീഡർമാർ തങ്ങളുടെ ബാങ്ക്ബാലൻസ് വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കാതെ ജനങ്ങളെ ശ്രദ്ധിക്കുന്നവരായിരുന്നെങ്കിൽ, മുഹ്സിനീങ്ങളായിത്തീരാൻ ശ്രമിക്കുന്നവരായിരുന്നെങ്കിൽ, തഖ്‌വയിൽ ചരിക്കുന്നവരായിരുന്നെങ്കിൽ, ഒരിക്കലും മുസ്‌ലിം നാടുകളിൽ അസ്വസ്തജനകമായ അന്തരീക്ഷം ഉണ്ടാകുമായിരുന്നില്ല. അവിടെ പട്ടിണിയും ദാരിദ്രവും ഉണ്ടാകുമായിരുന്നില്ല. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, മുസ്‌ലിം നാടുകളുടെ സ്ഥിതിയാണ് വളരെ പരിതാപകരമായിട്ടുള്ളത്. മറ്റുള്ളവരും ഇതിനെ ദുർവിനിയോഗം ചെയ്യുന്നു. അവകാശങ്ങൾ നൽകുന്ന ഒരവസ്ഥയിലേക്ക് ലോകം വന്നാൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും എന്ന് ഞാൻ ജനങ്ങളുടെ മുമ്പാകെ വിവരിക്കുമ്പോൾ അവർ എല്ലാവരും പറയും, കാര്യം ശരിതന്നെയാണ്. ഇത് ഇസ്‌ലാമിന്റെ അതിമനോഹരമായ അധ്യാപനമാണ്. എന്നാൽ അവർ തിരിച്ച് നാട്ടിലെത്തുമ്പോൾ അവരുടെ രാഷ്ട്രീയവും സാമൂഹികവുമായ ലക്ഷ്യങ്ങളും താത്പര്യങ്ങളും അവരുടെ മുമ്പാകെ വരുന്നു. അങ്ങനെ അസ്വസ്ഥത വർദ്ധിക്കുന്നു. രാഷ്ട്രീയ താത്പര്യങ്ങളെല്ലാം മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാതെ നടപ്പിൽ വരുത്തുകയാണെങ്കിൽ അതിൽ തെറ്റില്ല. മനുഷ്യൻ സ്വയം നിയന്ത്രിക്കുന്നവരായി മാറുന്നതാണ്. രാഷ്ട്രങ്ങൾ സ്വയം നിയന്ത്രിക്കേണ്ടതാണ്. എന്നാൽ മറ്റുള്ളവരുടെ സമ്പത്ത് പിടിച്ചെടുക്കുന്നതിന്നായി തങ്ങളുടെ രാഷ്ട്രത്തിന്റെ താത്പര്യ സംരക്ഷണത്തിന്റെ മറവിൽ പ്രവർത്തിക്കുക എന്നത് തെറ്റാണ്. മറ്റുള്ളവരുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് തന്റെ അവകാശം നേടിയെക്കുക എന്നതാണ് തെറ്റ്. ഇതെല്ലാം സ്വന്തം താത്പര്യങ്ങളെ സംരക്ഷിക്കുക എന്നതുമാത്രമാണ്. ഇവ ഫസാദുകൾ ജനിപ്പിക്കുന്നു.

ചുരുക്കത്തിൽ ഓരോ അഹ്മദിയും തഖ്‌വയിൽ മുന്നേറിക്കൊണ്ട് മുഹ്സിനീങ്ങളിൽ ഉൾപ്പെട്ടുക്കൊണ്ട് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടതാണ്. ഈ ഒരു മാർഗത്തിലൂടെ മാത്രമെ നാം സ്വയം നന്നാവുന്നവരും സമൂഹത്തെ ഫസാദിൽ നിന്നും നമ്മുടെ കഴിവനുസരിച്ച് രക്ഷിക്കുന്നവരുമായിത്തീരുകയുള്ളൂ. അല്ലാഹുവിന്റെ ഗുണങ്ങൾ സ്വായത്തമാക്കാൻ തങ്ങളുടെ പരിധിയിൽ ശ്രമിക്കുക. സൃഷ്ടികളോടുള്ള കടമനിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുക. അങ്ങനെയാണെങ്കിൽ ലോകത്തുള്ള ഈ അനുഗ്രഹങ്ങൾ നമ്മുടെ സേവകരായിത്തീരുന്നതാണ്. ഈ ഭൗതിക വസ്തുക്കൾ നമ്മുടെ ജീവിതത്തിൽ രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെടുന്നതാണ്. അങ്ങനെയാണെങ്കിൽ തഖ്‌വയിൽ മുന്നേറാൻ സാധിക്കും; ദൈവപ്രീതിക്കായി നാം ഈ പ്രവർത്തനമെല്ലാം ചെയ്യുന്നതായിരിക്കും. ചുരുക്കത്തിൽ നാം ഏതു രീതിയിൽ നോക്കുകയാണെങ്കിലും നമ്മുടെ ലക്ഷ്യം ദൈവപ്രീതി ആയിരിക്കണം. അല്ലാഹു ഈ വിഷയം വിശുദ്ധ ഖുർആനിൽ ഇപ്രകാരം വിവരിക്കുന്നു:

بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ
عِندَ رَبِّهِ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

അറിയുക. ആരാണോ തന്നെ അല്ലാഹുവിന്നായി സമർപ്പിക്കുകയും സുകൃതം ചെയ്യുകയും ചെയ്യുന്നത് അവന്റെ പ്രതിഫലം അവന്റെ നാഥന്റെ പക്കലുണ്ട്. അവർക്ക് ഒരുവിധ ഭയവുമില്ല. അവർ ദുഃഖിക്കുകയുമില്ല.

അല്ലാഹു പറയുന്നു. നിങ്ങളുടെ പ്രദക്ഷിണകേന്ദ്രം എന്റെ അസ്തിത്വമായിത്തീരുമ്പോൾ, എനിക്കുചുറ്റും നിങ്ങൾ വലയം വെക്കുമ്പോൾ, എന്റെ തൃപ്തികരസ്ഥമാക്കുക എന്നത് നിങ്ങളുടെ ലക്ഷ്യമായിത്തീരുമ്പോൾ ഒരു വിശ്വാസി, ഒരു മുത്തഖി, തന്നെ പൂർണ്ണമായും അല്ലാഹുവിന് സമർപ്പിക്കുമ്പോൾ പിന്നീട് അവന്റെ സംരക്ഷകനായി അല്ലാഹു മാറുന്നു. അവന്റെ എല്ലാ ദുഃഖങ്ങളും അവസാനിക്കുന്നു. അവന്റെ എല്ലാ ഭയവും നീങ്ങുന്നു. അല്ലാഹുവിന്റെ സമക്ഷം പൂർണ്ണമായി തന്നെ സമർപ്പിച്ച് അവന്റെ മുമ്പിൽ കുമ്പിടുന്നവനായിത്തീർന്നാൽ, തന്റെ സർവ്വവിധ കഴിവുകളും മുഹ്സിൻ ആയിക്കൊണ്ട് മാനവ സേവനത്തിനായി സമർപ്പിക്കുകയാണെങ്കിൽ അങ്ങനെയുള്ള വ്യക്തിക്ക് എന്ത് ഭയവും ദുഃഖവും ഉണ്ടാകാനാണ്. അല്ലാഹുവിന്റെ സ്നേഹത്തിന്റെ മടിത്തട്ടിലേക്ക് ഇതെല്ലാം മനുഷ്യനെ എത്തിക്കുന്നതാണ്. ഇത് യഥാർത്ഥ തഖ്‌വയെ തിരിച്ചറിയാനുള്ള ഗുണങ്ങളാണ്.

ഒരു സ്ഥലത്ത് ഹ. മസീഹ് മൗഊദ്(അ) പറയുന്നു:

മുത്തഖി ആയിത്തീരാൻ വ്യഭിചാരം, കളവ്, അവകാശ ധ്വംസനം, അഹങ്കാരം, മറ്റുള്ളവരെ നിന്ദ്യതയോടെകാണൽ, തുടങ്ങിയ ദുഃസ്വഭാവങ്ങളിൽനിന്ന് മോചിതരായി സത്സ്വഭാവത്തിൽ മുന്നേറേണ്ടതാണ്. ജനങ്ങളോട് സ്നേഹം, സൽപെരുമാറ്റം, സഹാനുഭൂതി എന്നിവ പ്രകടിപ്പിക്കുക. അല്ലാഹുവിനോട് യഥാർത്ഥ ആത്മാർത്ഥതയും കൂറും പ്രകടമാക്കുക. അല്ലാഹു സ്തുതിച്ചവരുടെ സ്ഥാനം കരസ്ഥമാക്കുക. ഇക്കാര്യങ്ങൾകൊണ്ടാണ് ഒരാൾ മുത്തഖി ആണെന്ന് പറയപ്പെടുക. ഈ കാര്യങ്ങൾ സമ്മേളിച്ച വ്യക്തിയാണ് യഥാർത്ഥ അർത്ഥത്തിൽ മുത്തഖി. ഏതെങ്കിലും

ഓരോരോ ഗുണം ഓരോരുത്തരിൽ ഉണ്ടെങ്കിൽ അവരെ മുത്തഖി എന്ന് പറയുകയില്ല. മുത്തഖിയിൽ എല്ലാ സൽസ്വഭാവങ്ങളും സമ്മേളിച്ചിരിക്കും. അങ്ങനെയുള്ളവരെക്കുറിച്ചാണ് وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ എന്ന് പറഞ്ഞിരിക്കുന്നത്. ഇതിനു ശേഷം അവർക്കെന്താണ് വേണ്ടത്. അല്ലാഹു ഇക്കൂട്ടരുടെ വലിയായിത്തീരുന്നതാണ്. അവൻ പറയുന്നു. وَهُوَ يَتَوَلَّى الصَّالِحِينَ അവൻ സ്വാലിഹീങ്ങളുടെ കൂടെയായിരിക്കും. അവരുടെ സംരക്ഷകനായിമാറുന്നു.

ഹദീസിൽ വന്നിട്ടുണ്ട്. അവർ പിടിക്കുന്ന കൈയ്യായി അല്ലാഹു മാറുന്നു. അവർ കാണുന്ന കണ്ണായി അല്ലാഹു മാറുന്നു. അവർ കേൾക്കുന്ന ചെവിയായി അവൻ മാറുന്നു. അവർ നടക്കുന്ന കാലായി അവൻ മാറുന്നു. മറ്റൊരു ഹദീസിൽ വന്നിരിക്കുന്നത് എന്റെ വലിയോട് ശത്രുത വെക്കുന്നവരോട് പോരാടാൻ തയ്യാറായിരിക്കാൻ അല്ലാഹു പറയുന്നതാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു. അല്ലാഹുവിന്റെ വലിയെ ആക്രമിക്കുന്നവനേ സിംഹത്തിന്റെ കുഞ്ഞിനെ തട്ടിയെടുക്കുന്നവനിൽ സിംഹം കോപ്പത്തോടെ ചാടി വീഴിന്നതുപോലെ അല്ലാഹു അവരിൽ ചാടി വാഴുന്നതാണ്.

അതിനാൽ അല്ലാഹു ആരുടെ വലിയായിത്തീരുന്നോ അവർ സൗഭാഗ്യവാന്മാരാണ്. അല്ലാഹു വലിയായിത്തീരുന്നവരുടെ ദുഃഖവും ഭയവും ഇല്ലാതായിത്തീരുന്നതാണ്. ഭാവിയിൽ നന്മചെയ്യുന്നതിലേക്ക് അവർക്ക് ശ്രദ്ധയുണ്ടാകുന്നു. മുമ്പ് വല്ല അനിഷ്ടകരമായ പ്രവർത്തനവും വന്നുപോയിട്ടുണ്ടെങ്കിൽ തന്നെ അത് മാപ്പാക്കപ്പെടുന്നു. മനുഷ്യന് തന്റെ ഭാവിയെ ഓർത്താണ് ഭയമുണ്ടാകുന്നത്. ഇവിടെ അസൈലമിന് വേണ്ടി കൊടുക്കുന്നവർ ചിന്തിക്കുന്നത് നാളെ എന്തായിരിക്കും തീരുമാനം വരിക എന്നതാണ്. ഈ ഭയം കാരണം ചിലരുടെ ഭാരം വരെ കുറഞ്ഞുപോയിട്ടുള്ളതായി കണ്ടിട്ടുണ്ട്. അവർ വളരെ ദുഃഖിതയായികാണപ്പെടുതന്നു. ചിലർ തങ്ങളുടെ ബിസിനസ്സ് കാരണം അസ്വസ്ഥരാണ്. എന്താകും എന്ന ഭയത്തിലാണവർ. വിദ്യാർത്ഥികൾ തങ്ങളുടെ പരീക്ഷ കാരണത്താൽ ടൻഷനിലാണ്. ചുരുക്കത്തിൽ ഭാവിയിൽ വരുന്ന കാര്യങ്ങളോർത്ത് അതിന്റെ ഫലം അറിയുന്നത്വരെ മനുഷ്യൻ ഭയത്തിലായിരിക്കും. ഇതേപോലെ ദുഃഖം മനുഷ്യനെ തളർത്തുന്നു. ചില ഭൗതികരായവർ തങ്ങളുടെ വ്യാപാരത്തിനേറ്റ തകർച്ച കാരണം നിത്യരോഗിയായിത്തീരുന്നു. ചിലരുടെ സമനില തെറ്റുന്നു. ചിലർക്ക് ശക്തമായ ഹൃദയാഘാതം ഉണ്ടാകുന്നു. ഇതുകാരണം അവർ ശയ്യയെ അവലംബിക്കുന്നു. ചിലർ ഈ ലോകം വെടിയുന്നു. ചുരുക്കത്തിൽ ഒരു മുത്തഖിയായ, ഇഹ്സാൻ ചെയ്യുന്ന വ്യക്തിയെക്കുറിച്ച് അല്ലാഹു പറയുന്നത്, അവർക്ക് ഒരുവിധ ദുഃഖമോ ഭയമോ ഉണ്ടായിരിക്കില്ല എന്നാണ്.

ഒരു മതവിശ്വാസി, അല്ലാഹുവിന്റെ സിഫത്തുക്കളെക്കുറിച്ച് ശരിക്ക് അറിയുകയും അതനുസരിച്ച് സ്വജീവിതം നയിക്കുകയും ചെയ്യുന്ന വ്യക്തിയെ ഭൗതിക ദുഃഖങ്ങൾ അവരെ ഇത്രവലിയ ആഘാതം ഏൽപ്പിക്കുകയില്ല. സജ്ജനങ്ങൾക്കും പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. ദുഃഖവും വരുന്നു. എന്നാണ് അവർക്ക് ഭൗതികമായ കാര്യങ്ങൾക്ക് വേണ്ടിയുള്ള ദുഃഖമായിരിക്കില്ല. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാകുമോ എന്ന ദുഃഖമായിരിക്കും. അല്ലാഹുവിന്റെ കോപത്തിൽനിന്നും രക്ഷപെടാനുള്ള ഭയമായിരിക്കും. ഹ: മസീഹ് മൗഊദ് (അ) ഒരു കവിതയിൽ പറയുന്നു:

*അവർ രാപ്പകൽ ഇതേ ചിന്തയിൽ കഴിച്ചുകൂട്ടുന്നു.*
*പ്രേമിയായ അല്ലാഹു എപ്പോഴായിരിക്കും തൃപ്തനാകുക.*

യഥാർത്ഥത്തിൽ പ്രേമിയുടെ തൃപ്തി എപ്പോഴും ലഭിക്കണമെന്ന ചിന്തയായിരിക്കും അവരുടെയത്. അവരുടെ ഈ ഭയം ദുആയിലേക്കും ദൈവസ്മരണയിലേക്കും അവരെ നയിക്കുന്നതാണ്. **അലാ ബി ദിക്റില്ലാഹി തത്മഇന്നുൽ ഖുലൂബ്** എന്നത് അവർക്ക് സ്വാന്തനമേകുന്നു. അല്ലാഹുവിന്റെ സ്മരണ അവർക്ക് മനശാന്തിക്ക് കാരണമായിത്തീരുന്നു. മുൻ ദുഃഖങ്ങളെ ദൂരീകരിക്കുന്നതോടൊപ്പം ഭാവിയിലെ ഭയത്തേയും അത് ഇല്ലാതാക്കുമെന്ന ആശ്വാസം നൽകുന്നു.

തഖ്വയിൽ ചലിക്കുന്നവരുടെ ഭയം സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ഭയമായിരിക്കും. തഖ്വ എന്നതിന്റെ അർത്ഥംതന്നെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് അസ്വസ്ഥമാക്കി നിർത്തുന്ന ഭയം എന്നാണ്. അതുകൊണ്ട് ഈ അസ്വസ്തത ഹൃദയത്തെ ശക്തിപ്പെടുത്തുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതാക്കിമാറ്റുന്നു. എന്നാൽ ഭൗതികരുടെ അസ്വസ്തത അവരുടെ ഹൃദയത്തെ പ്രഹരമേൽപ്പിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ തഖ്വ സ്വീകരിക്കുന്നവരും മുഹ്സിനീങ്ങളിൽ ഉൾപ്പെടുന്നവരും സൃഷ്ടാവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും പാലിക്കുന്നതിൽ ശ്രദ്ധിക്കും. തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തുന്നതായിരിക്കും. അങ്ങനെ അല്ലാഹുവിന്റെ ഫള്നിന്റെ അവകാശികളായി മാറുന്നു. ഭൗതികർക്കും മതവിശ്വാസികൾക്കും ഉണ്ടാകുന്ന ദുഃഖത്തിന്റെ വ്യത്യാസം ഇതാണ്. അതുകൊണ്ട് ഒരഹ്മദിക്ക് തന്റെ അവസ്ഥയെ തഖ്വയിൽ ചരിപ്പിക്കുന്നതാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്. അവനെ മുഹ്സിനീങ്ങളിൽ ഉൾപ്പെടുത്തുന്നതാക്കി മാറ്റേണ്ടതാണ്. എന്നാൽ മാത്രമേ അല്ലാഹുവിന്റെ സാമിപ്യം ഓരോ നിമിഷവും നമുക്ക് ലഭിക്കുകയുള്ളൂ. ഇത് ഇരുലോക ദുഃഖങ്ങളിൽ നിന്നും നമ്മേ അകറ്റി നിർത്തുന്നതാണ്. നമുക്ക് വല്ല ദുഃഖവുമുണ്ടെങ്കിൽ തന്നെ അത് അല്ലാഹുവിന്റെ സ്നേഹത്തെ ഹൃദയത്തിൽ സ്ഥാപിക്കുന്നതിനായിരിക്കണം. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വീണ്ടും വർദ്ധിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരായി നാം മാറിയാൽ അല്ലാഹു നമ്മുടെ കൂടെ ഉണ്ടായിരിക്കും. അല്ലാഹുവിന്റെ സാമിപ്യം ഒന്നുകൂടി വർദ്ധിക്കുന്നതായിരിക്കും. എന്റെ ദാസൻ എന്നോട് ചോദിക്കുന്നു എന്ന് അല്ലാഹു കാണുമ്പോൾ, എന്റെ പ്രീതിക്കായി ഈ ഗുണങ്ങൾ എന്റെ ദാസൻ സ്വായത്തമാക്കുന്നു എന്ന് കാണുമ്പോൾ അവനിൽ തന്റെ കാരുണ്യം വർഷിക്കുന്നതിൽനിന്നും ഞാനെന്തിന് വിട്ടുനിൽക്കണം എന്ന് അല്ലാഹു കരുതും. അല്ലാഹു പലമടങ്ങ് വർദ്ധിപ്പിച്ച് നൽകുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹ വർഷം തുടങ്ങിക്കഴിഞ്ഞാൽ ഈ ഭൗതിക ലോകത്തെ ദുഃഖങ്ങൾ അകറ്റപ്പെടും എന്ന് മാത്രമല്ല അവന്റെ അനുഗ്രഹങ്ങളെയും പാരിതോഷികങ്ങളെയും സ്വരുകൂട്ടാൻ പ്രയാസമായിത്തീരുന്നതാണ്.

ഒരു വിശ്വാസിയെ യഥാർത്ഥ തഖ്വയിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹ. മസീഹ് മൗഊദ്(അ) പറയുന്നു. യഥാർത്ഥ തഖ്വയോടൊപ്പം അജ്ഞത ഒരുമിച്ച് കൂടുകയില്ല. സ്വച്ഛമായ തഖ്വ തന്നോടൊപ്പം ഒരു പ്രകാശം ഉൾകൊള്ളുന്നു. ഇതു സംബന്ധമായി അല്ലാഹു പറയുന്നു

يَا أَيُّهَا الَّذِينَ آمَنُوا إِن تَتَّقُوا اللَّهَيَجْعَل لَّكُمْ
فُرْقَانًا وَيُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَيَغْفِرْ لَكُمْ وَاللَّهُ ذُو الْفَضْلِ الْعَظِيمِ

വിശ്വസിച്ചവരെ നിങ്ങൾ മുത്തഖി ആയിത്തീരുന്നതിൽ അടിയുറച്ചുനിൽക്കുകയാണെങ്കിൽ, അല്ലാഹുവിന്‌വേണ്ടി തഖ്‌വ സ്വീകരിക്കുന്നതിൽ നിലനിൽക്കുകയാണെങ്കിൽ നിങ്ങൾക്കും അന്യർക്കുമിടയിൽ അല്ലാഹു ഒരു വ്യതിരിക്തത പ്രകടമാക്കുന്നതാണ്. ആ വ്യത്യാസം എന്നത് അവൻ നിങ്ങൾക്ക് ഒരു പ്രകാശം നൽകുന്നതാണ്. ആ പ്രകാശം മുഖേന നിങ്ങൾ എല്ലാ മാർഗത്തിലൂടെയും സഞ്ചരിക്കുന്നതാണ്. ആ പ്രകാശം നിങ്ങളുടെ എല്ലാ പ്രവർത്തനത്തിലും വാക്കുകളിലും കഴിവുകളിലും ആഗ്രഹങ്ങളിലും വ്യാപിച്ചിരിക്കും. നിങ്ങളുടെ ബുദ്ധിയിലും ആ പ്രകാശം ഉണ്ടാകും. നിങ്ങളുടെ ഊഹിച്ചുള്ള വാക്കുകളിലും ആ പ്രകാശം ഉണ്ടാകും. നിങ്ങളുടെ കണ്ണുകളിലും പ്രകാശമുണ്ടായിരിക്കും. നിങ്ങളുടെ ചെവിയിലും പ്രകാശമുണ്ടായിരിക്കും. നിങ്ങളുടെ നാവുകളിലും നിങ്ങളുടെ വിവരണങ്ങളിലും നിങ്ങളുടെ ഓരോ ചലനങ്ങളിലും നിശബ്ദതയിലും ആ പ്രകാശം പ്രസരിക്കുന്നുണ്ടാകും. നിങ്ങൾ സഞ്ചരിക്കുന്ന മാർഗം പ്രകാശമയമായിത്തീരുന്നതാണ്. ചുരുക്കത്തിൽ നിങ്ങളുടെ മാർഗങ്ങളെല്ലാം തന്നെ നിങ്ങളുടെ കഴിവുകളുടെ മാർഗങ്ങളും നിങ്ങളുടെ വികാരങ്ങളുടെ മാർഗങ്ങളും സർവ്വതും പ്രകാശത്താൽ നിറക്കപ്പെടുന്നതാണ്. അങ്ങനെ നിങ്ങൾ ആപാതചൂഢം പ്രകാശമയമായിത്തീരുന്നതാണ്.

ചുരുക്കത്തിൽ, ഈ അവസ്ഥയിലേക്ക് അല്ലാഹുവിന്റെ ദാസൻ വരാൻ ശ്രമിക്കുമ്പോൾ അവരുടെ എതിരാളികൾ അല്ലാഹുവിനുള്ള പിടിത്തത്തിൽ വരുന്നതാണ്. അല്ലാഹു നമ്മെ അനുഗ്രഹം ലഭിക്കുന്നവരും അനുഗ്രഹം എത്തിക്കുന്നവരുമായിത്തീരട്ടെ. ഈ പദവി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടുത്തട്ടെ. എതിരാളികളുടെ കുതന്ത്രങ്ങൾ അവരിലേക്ക് തന്നെ തിരിയുമാറാകട്ടെ. ഈ അവസ്ഥ കൈവരിച്ചാൽ, അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്നവരായി നാം മാറിയാൽ, മനുഷ്യ സേവനത്തിനായി നിസ്വാർത്ഥരായി നാം ഇറങ്ങിപ്പുറപ്പെട്ടാൽ, ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് എത്തിക്കുന്നവരായിത്തീർന്നാൽ, ഇൻശാഅല്ലാഹ് തആലാ അഹ്മദിയ്യത്തിന്റെ എതിരാളികളെ പിടിക്കുന്നത് നാം കാണുന്നവരായിത്തീരുന്നതാണ്. ഈ സ്ഥാനം കരസ്ഥമാക്കാനും ഈ ദുആ ചെയ്യാനുമുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ.

ഒരു ജനാസ ഗാഇബ് ഇന്ന് ഞാൻ നമസ്ക്കരിക്കുന്നതാണ്. ഡോക്ടർ മുഹമ്മദ് അമീർ സാഹിബ് ഡിസ്പെൻസറിന്റെതാണ്. ബലൂചിസ്ഥാനിൽ താമസിക്കുന്ന ആളായിരുന്നു. ഡിസംബർ ഒന്ന് 2011 ന് അദ്ദേഹത്തിന്റെ ക്ലിനിക്കിൽ രണ്ട് പേർ വന്ന് ഫയറിംഗ് ചെയ്ത് ശഹീദാക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ശഹാദത്തിനെക്കുറിച്ച് വൈകിയാണ് വിവരം ലഭിച്ചത്. അവിടെ ജമാഅത്തില്ലായിരുന്നു. അതുകൊണ്ട് ഉടനെ അറിയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഭാര്യയും അതേ ആശുപത്രിയിൽ തന്നെ ജോലി ചെയ്യുകയാണ്. കഇദാബാദ് ജില്ല ഖുശാസിൽ നിന്നാണ് ജമാഅത്തിൽ പ്രവേശിച്ചത്. തന്റെ കുടുംബത്തിലെ ഏക അഹ്മദിയാണദ്ദേഹം. പാക്കിസ്ഥാനിലെ ഒരു കുപ്രസിദ്ധ ഭീകര സംഘടനയുമായിട്ടായിരുന്നു ജമാഅത്തിൽ വരുന്നതിനുമുമ്പ് ഇദ്ദേഹത്തിന്റെ ബന്ധം. ഇങ്ങനെയുള്ള ഒരു വ്യക്തി ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിക്കുക എന്നത് ആ സംഘടനയിലുള്ളവർക്ക് സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിന് ഇതും ഒരു കാരണമായേക്കാം. 1994ലാണ് ബൈഅത്ത് ചെയ്തത്. 1998ൽ വിവാഹം നടന്നു. ചെറിയ രണ്ട് കുട്ടികളുണ്ട്. വളരെ നല്ല മനുഷ്യനായിരുന്നു. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. സംതപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 February 03 at: Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Rahmath Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**